ജി (2) 46388/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 24.10.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 48/2014

വിഷയം : സഹകരണ വകുപ്പ് - പ്രസിഡന്റ്സ് ട്രോഫി വള്ളംകളി - സഹകരണ സംഘങ്ങളിൽ നിന്നും സംഭാവന - അനുവാദം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) പ്രസിഡന്റ്സ് ട്രോഫി വള്ളംകളി സംഘാടക കമ്മിറ്റി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച നിവേദനം.
2) സർക്കാരിന്റെ 21.10.2014 ലെ 11292/പി.എസ്.1/2014/സഹ. നമ്പർ കത്ത്.

........................

ഈ വർഷത്തെ പ്രസിഡന്റ്സ് ട്രോഫി വള്ളംകളി 2014 നവംബർ 1-ാം തീയതി കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ടൂറിസം മേഖലയെ കൂടി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ചിട്ടുള്ള ഈ പരിപാടിയുടെ നടത്തിപ്പിനാവശ്യമായ ചെലവ് വിവിധ ഗവൺമെന്റ്/ഗവൺമെന്റേതിര സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുന്നതിനാണുദ്ദേശിക്കുന്നതെന്നും സൂചന (1) പ്രകാരം നൽകിയ നിവേദനത്തിൽ സംഘാടക കമ്മിറ്റി പരാമർശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ സഹകരണ വകുപ്പിന്റെ കൊല്ലം ജില്ലയിലെ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകണമെന്നുള്ള കമ്മിറ്റിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയും ആയതിൽ സൂചന (2) പ്രകാരം സർക്കാർ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന കൊല്ലം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് കേരള സഹകരണ നിയമം വകുപ്പ് 56(2) (d) പ്രകാരം സ്വരൂപിച്ചിട്ടുള്ള അതാതു സംഘങ്ങളുടെ പൊതു നന്മാ ഫണ്ടിൽ നിന്നും മേൽ ആവശ്യത്തിലേക്ക് സംഭാവന നൽകുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1) ജോയിന്റ് രജിസ്ട്രാർ(ജനറൽ) കൊല്ലം.
2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
3) സംഘാടക കമ്മിറ്റി, പ്രസിഡന്റ്സ് ട്രോഫി വള്ളംകളി, കൊല്ലം.
4) ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങൾക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
5) വെബ്സൈറ്റ്.